(ഐ) വിദ്യാഭ്യാസ രംഗത്തെ ചുമതലകൾ ഉൾപ്പെടെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകളുടെ നിർഹവണത്തിനാവശ്യമായ പരിശീലനം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും നൽകാനായാണ് 'കില' മുതലായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഇത്തരം പരിശീലന ക്ലാസ്സുകൾ നടത്താറുണ്ട്.

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

23 (*83) ശ്രീ. എ. അലി ഹസ്സൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. വി. ജയരാജൻ:
ശ്രീ. എൻ. കണ്ണൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ആവശ്യമായ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ മേഖലയിൽ ബോട്ടിലിംഗ് പ്ലാന്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സർക്കാർ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യം ബിവറേജസ് കോർപ്പറേഷന്റെ പാർലറുകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മദ്യ വ്യവസായ രംഗത്ത് സ്വകാര്യ വിദേശ കുത്തകകളെ പൂർണ്ണമായി ഒഴിവാക്കി സർക്കാർ മേഖലയിൽ മദ്യം ഉൽപാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പര്യാപ്തമായ രീതിയിൽ നിലിവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്തുമോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) കോർപ്പറേഷന്റെ പ്രവർത്തനശേഷി മെച്ചപ്പെടുത്താൻ കോർപ്പറേഷൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിദേശ മദ്യത്തിനുള്ള ഓർഡറുകൾ നൽകുന്ന വ്യവസ്ഥകൾ കൂടുതൽ കാര്യക്ഷമമാക്കി വിൽപന നടക്കുന്നമുറയ്ക്കു തന്നെ ഓർഡറുകൾ റിപ്ലെയിനിംഗ് വ്യവസ്ഥയിൽ (വില്പനയ്ക്കനുസൃതമായി തുടർച്ചയായി) കുറവു നികത്തിക്കൊണ്ടിരിക്കുന്ന സമ്പ്രദായം നൽകാൻ നടപടി സ്വീകരിച്ചു.

2. പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാനായി കൂടുതൽ കാര്യക്ഷമമായ പദ്ധതികളിൽ നിക്ഷേപം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

3. കാഷ് ഡിസ്ക്കൗണ്ട് ഇനത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാനായി ഉൽപ്പാദകർ വിൽപനയിനത്തിൽ നൽകുന്ന പേയ്മെന്റ് വ്യവസ്ഥയിൽ കുറച്ചുകൂടി ഭേദഗതി വരുത്തി.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പുതിയ മദ്യ നയം സർക്കാർ പരിഗണനയിലാണ്.

ദേശീയ ബയോഗ്യാസ് വികസന പദ്ധതി

24 (*84) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) വർദ്ധിച്ചുവരുന്ന ഇന്ധനക്ഷാമം പരിഹരിക്കുവാൻ ദേശീയ ബയോഗ്യാസ് വികസനപദ്ധതി എത്രകണ്ട് പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ നടത്തിപ്പിന് കഴിഞ്ഞ നാല് വർഷം എന്തുതുകയുടെ കേന്ദ്ര സഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്തെ സ്കൂൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള "സാനിട്ടറി ലിങ്ക്ട് ബയോഗ്യാസ് പ്ലാന്റ്" പദ്ധതി നടപ്പാക്കിവരുന്നുണ്ടോ ;

(എഫ്) എങ്കിൽ കഴിഞ്ഞ 5 വർഷക്കാലം ഇപ്രകാരം എത്ര പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly